## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ .177 | 16.06.2014-ൽ മറുപടിക്ക്

## ട്രോളിംഗ് നിരോധന കാലയളവിലെ മുൻകരുതൽ നടപടികൾ

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ.കെ.എം.ഷാജി<br>" സി. മമ്മൂട്ടി<br>" അബ്ദുറഹിമാൻ രണ്ടത്താണി<br>" പി.ബി.അബ്ദുൾ റസാക് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ട്രോളിംഗ് നിരോധന കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ട്രോളർ തൊഴിലാളികളും തമ്മിൽ സംഘർഷമുണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) | ട്രോൾബാൻ തുടങ്ങുന്നതിന് തൊട്ട് മുൻപായി തന്നെ ബോട്ടുകളോ ട്രോളറുകളോ ഒന്നും തന്നെ കടൽത്തീരത്തില്ലായെന്ന് മറൈൻ എൻഫോഴ്സ്മെന്റ് വിംഗ് ഉറപ്പ് വരുത്തുന്നു. ട്രോളിംഗ് സമയത്ത് കടലിൽ ബോട്ടുകൾ ഇറങ്ങാതിരിക്കുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് കോസ്റ്റൽ പോലീസ്, കോസ്റ്റ് ഗാർഡ്, നേവി തുടങ്ങിയ സർക്കാർ ഏജൻസികൾ സംയുക്തമായി ശക്തമായ പട്രോളിംഗ് നടത്തി വരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ എല്ലാ മറൈൻ ജില്ലകളിലും പ്രവർത്തിച്ച് വരുന്നതു കൂടാതെ അഡീഷണൽ കൺട്രോൾ റൂമുകളും ടി കാലയളവിൽ പ്രവർത്തിച്ച് വരുന്നു. എല്ലാ തീരദേശ ജില്ലകളിലും ജില്ലാ ഭരണകൂടവും പോലീസ് വകുപ്പും ഫിഷറീസ് വകുപ്പും ബോട്ടുടമകളുടെ പ്രതിനിധികളും മത്സ്യത്തൊഴിലാളികളുടെ സംഘടനാ നേതാക്കളും കൂടി സംയുക്തമായി യോഗം കൂടുകയും ട്രോൾബാൻ സമാധാനപരമായി നടപ്പിലാക്കുന്നതിനുള്ള സഹകരണം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പട്രോളിംഗ് ശക്തമാക്കുന്നതിന് ഫിഷറീസ് വകുപ്പ് വാടക ബോട്ടുകൾ എടുക്കുകയും പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. ട്രോളിംഗ് |

| | | | |
|---|---|---|---|
| | | | നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനും സംഘർഷം ഉണ്ടാകാതിരിക്കുന്നതിനും എല്ലാ തീരദേശ ജില്ലകളിലെയും ഭരണാധികാരികളെ നോഡൽ ഓഫീസർമാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഈ കാലത്ത് മത്സ്യങ്ങളുടെ പ്രജനനവർദ്ധന ലക്ഷ്യമിട്ട് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ബി) | മത്സ്യ പ്രജനനം സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടാണ് മത്സ്യപ്രജനന കാലയളവായ ജൂൺ, ജൂലൈ മാസങ്ങളിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത്. ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് സജ്ജീകരണങ്ങൾ ഏർപ്പെടുത്തി വരുന്നു. |

Jayasree

സെക്ഷൻ ഓഫീസർ